LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര പലിശ സബ്സിഡി സ്കീം പ്രകാരം പലിശ സബ്സിഡിക്ക് അപേക്ഷിച്ചവരുടെ വിദ്യാഭ്യാസ ലോണിന്റെ റിക്കവറി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുമില്ല. എന്നാൽ അർഹരായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ പുനഃക്രമീകരണം, ഇളവുകൾ നൽകൽ എന്നിവ ബാങ്കുകൾ നൽകി വരുന്നുണ്ട്.

വിദ്യാഭ്യാസ വായ്പയുടെ ഇൻഷ്വറൻസ് പരിധി

16 (5363) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുക്കുമ്പോൾ ഇൻഷ്വറൻസ് പരിധിയിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഉൾപ്പെടുമോ; വിശദാംശം നൽകുമോ ;

(ബി) ജോയിന്റ് അക്കൗണ്ടായി വായ്പ എടുക്കുന്നവരുടെ കാര്യത്തിൽ രക്ഷകർത്താവ് മരണപ്പെട്ടാൽ ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുമോ ; വിശദമാക്കാമോ ;

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പയ്ക്ക് അനുബന്ധമായി ഇൻഷ്വറൻസ് എടുക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലില്ല. എന്നാൽ വിവിധ കമ്പനികൾ നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതികളിൽ താൽപര്യാർത്ഥം വിദ്യാർത്ഥികൾക്കോ, രക്ഷകർത്താക്കൾക്കോ സ്വമേധയാ ചേരാവുന്നതാണ്. അങ്ങനെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുണ്ടെങ്കിൽ നിയമാനുസൃതം അർഹമായ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

17 (5364) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2012-13 മുതൽ 2014-15 വരെ ഓരോ വർഷവും 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ കണക്ക് ലഭ്യമാക്കാമോ ;

(ബി) ഗ്രാമീണമേഖലയിലെ പാവപ്പെട്ടവർക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ?